"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ആസ്തി വികസന പദ്ധതി - മണ്ണാർക്കാട് നിയോജകമണ്ഡലം - നാലുകണ്ടം ചാത്തംകുറിശ്ശി റോഡ് എടത്തനാട്ടുകര ടാറിങ് എന്ന പ്രവൃത്തിയുടെ ഭരണാനുമതി - റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം നാലുകണ്ടം ചാത്തംകുറിശ്ശി റോഡ് എടത്തനാട്ടുകര കോൺക്രീറ്റിംഗ് എന്ന് ഭരണാനുമതി പുതുക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1049/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 04/06/2020

---

പരാമർശം:- 1 സ.ഉ.(സാധാ.)നം.1223/17/ത.സ്വ.ഭ.വ , തിയതി 19.04.2017

2. അഡ്വ. എൻ. ഷംസുദ്ദീൻ, മണ്ണാർക്കാട് എം.എൽ.എ-യുടെ 03.11.2017-ലെ കത്ത്

3. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11.07.2019, 2.11.2019 തീയതികളിലെ ഡിബി3/3947/2018/സിഇ/തസ്വഭവ നമ്പർ കത്തുകൾ.

4 സ.ഉ(സാധാ) നം.138/2020/ധന, തീയതി 06.01.2020

**<u>ഉത്തരവ്</u>**

ബഹു.മണ്ണാർക്കാട് എം.എൽ.എ. ശ്രീ. എൻ. ഷംസുദ്ദീൻ അവർകളുടെ 2016-17 ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അലനല്ലൂർ ഗ്രാമപഞ്ചായത്തിലെ നാലുകണ്ടം ചാത്തംകുറിശ്ശി റോഡ് എടത്തനാട്ടുകര എന്ന പ്രവൃത്തിയ്ക്കു പരാമർശം (1) പ്രകാരം 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ടാറിംഗും കോൺക്രീറ്റും ചെയ്യുന്നതിനാണ് ഭരണാനുമതി ലഭ്യമാക്കിയിരുന്നത്. എന്നാൽ ടി റോഡിന്റെ ഉപരിതലത്തിലൂടെ മഴവെള്ളം കുത്തിയൊലിക്കുന്നതിനാലും ഡ്രെയിനേജ് സംവിധാനം നൽകാൻ ആവശ്യമായ വീതിയില്ലാത്തതിനാലും ടാറിംഗ് പ്രവൃത്തികൾ അനുയോജ്യമല്ല എന്ന റിപ്പോർട്ടിന്റേയും എം.എൽ.എ.യുടെ പരാമർശം (2) പ്രകാരമുള്ള നിർദ്ദേശത്തിന്റേയും അടിസ്ഥാനത്തിൽ പ്രസ്തുത എസ്റ്റിമേറ്റ് കോൺക്രീറ്റ് പ്രവൃത്തിക്കനുസൃതമായി റിവൈസ് ചെയ്യുകയുണ്ടായെന്നും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ്, ചെക്ക് ലിസ്റ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട് , സൈറ്റ് പ്ലാൻ എന്നിവ സമർപ്പിച്ച്, അത് പ്രകാരം പുതുക്കിയ ഭരണാനുമതി ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം സർക്കാരിലേയ്ക്ക് അപേക്ഷിച്ചിരുന്നു.

2. അലനല്ലൂർ ഗ്രാമപഞ്ചായത്തിലെ നാലുകണ്ടം ചാത്തംകുറിശ്ശി റോഡ് എടത്താനാട്ടുകര എന്ന പ്രവൃത്തി ടാറിങ് ചെയ്യുന്നതിനായി നൽകിയ ഭരണാനുമതി ഭേദഗതി ചെയ്ത്, റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം നാലുകണ്ടം ചാത്തംകുറിശ്ശി റോഡ് എടത്തനാട്ടുകര കോൺക്രീറ്റിംഗ് എന്ന പേരിൽ പുതുക്കിയ ഭരണാനുമതി നൽകാൻ ധനകാര്യ വകുപ്പ് പരാമർശം (4) പ്രകാരം പ്രത്യേകാനുമതി നൽകിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അലനല്ലൂർ ഗ്രാമപഞ്ചായത്തിലെ നാലുകണ്ടം ചാത്തംകുറിശ്ശി റോഡ് എടത്താനാട്ടുകര എന്ന പ്രവൃത്തിക്ക് ടാറിങ് ചെയ്യുന്നതിനായി നൽകിയ ഭരണാനുമതി ഭേദഗതി ചെയ്ത്,

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം നാലുകണ്ടം ചാത്തംകുറിശ്ശി റോഡ് എടത്തനാട്ടുകര കോൺക്രീറ്റിംഗ് എന്ന പേരിൽ 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

4. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്. പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനായി വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും ചട്ടങ്ങളും പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

അഡ്വ. എൻ. ഷംസുദ്ദീൻ, മണ്ണാർക്കാട് എം.എൽ.എ.
പഞ്ചായത്ത് ഡയറക്ടർ.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് .
സെക്രട്ടറി, അലനല്ലൂർ ഗ്രാമപഞ്ചായത്ത് .
എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം .
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ധനകാര്യ (നോഡൽ സെന്റർ - സി) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2020.06.03 11:43:47 IST
Reason: Approved
സെക്ഷൻ ഓഫീസർ